# മരച്ചില്ലയിലെ കിളിപ്പാട്ട്

(പ്രൊഫസ്സർ ജോയ് ടി. കുഞ്ഞാപ്പു, *D.Sc., Ph.D.*)

ഈ ഉണങ്ങിയ മരങ്ങൾ
തരുക്കളല്ല: മരണം —
മാരകവിപത്താം മാരണം.

മഞ്ഞുതൂർന്ന ഇലപൊഴിച്ചൽ
മരവിച്ച ധവള മരുദേശം.

രസപാനത്തിൻ ശുഷ്കചെടി
വീട്ടുമുറ്റത്തെ അനൈശ്വര്യം.

അധികാരിയുടെ അറക്കവാൾ
വിചിത്രപിടിയിൽ മുറുക്കി
അനാഥാത്മകഥാ തരിശുചിത്രം
മരത്തൂണിൽ ദേവത്തെയ്യമാക്കും.

ചാഞ്ഞുചെരിഞ്ഞ മരത്തിനു
മൂരിപ്രേമപ്പരിശീലനത്തിനു
വിവാഹവാർഷിക സമ്മാനം
വർണ്ണക്കടലാസ്സിൽ മറച്ച
നീലഗുളികപ്പൊതിയിൽ
കാതൽരാസഹാസം നീട്ടും
ഊരുവിലക്കില്ലാത്ത
വിജ്ഞാന തർപ്പണം!
************************************************